**ഖുർആൻ ഇതരഭാഷകളിൽ പുനരാവിഷ്കരണക്ഷമമല്ല. അനുകരണക്ഷമവും അല്ല. ഖുർആന്റെ അലൗകികമായ ആശയഗാംഭീര്യം, അനുഭൂതിസാന്ദ്രത, സ്വാധീനശക്തി, സാഹിത്യസൗന്ദര്യം ഇതൊന്നും മറ്റൊരു ഭാഷയിലേക്ക് അതേപടി പകർത്താൻ ആരാലും സാധിക്കുകയില്ല**

# ഖുർആനും പരിഭാഷയും

ടി.കെ. ഉബൈദ്

അന്യഭാഷയിൽനിന്നുള്ള ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ സാധാരണ നേരിടുന്ന പ്രശ്നങ്ങളിൽ കവിഞ്ഞ വല്ല പ്രശ്നവും ഖുർആൻതർജമക്കാർ നേരിടേണ്ടതുണ്ടോ? ഇതാണെന്നു തോന്നുന്നു, ഖുർആൻപരിഭാഷയെ കുറിച്ച് ചിന്തിക്കുമ്പോൾ ഒന്നാമതായി പരിഗണിക്കേണ്ട പ്രശ്നം. മറ്റേതു ഭാഷകളിൽനിന്നുള്ള ഗ്രന്ഥവും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ ചില പ്രശ്നങ്ങളുണ്ട്. വിവർത്തനഭാഷയിലും വിവർത്തിതഭാഷയിലും നല്ല പരിജ്ഞാനമുണ്ടായിരിക്കുക എന്നതാണ് അതിൽ പ്രധാനമായിട്ടുള്ളത്. ഈ പരിജ്ഞാനമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് രണ്ടു ഭാഷകളും കൈകാര്യം ചെയ്യാനുള്ള സാമാന്യമായ കഴിവല്ല. രണ്ടു ഭാഷകളുടെയും വ്യാകരണം, ശൈലികൾ, പ്രയോഗങ്ങൾ, പദോൽപത്തി, ധ്വനികൾ തുടങ്ങിയ വശങ്ങളെക്കുറിച്ച് അവഗാഹമുണ്ടായിരിക്കണം. അവിടെയും അവസാനിക്കുന്നില്ല. രണ്ടു ഭാഷകളും സംസാരിക്കുന്ന ജനങ്ങളുടെ സംസ്കാരം, ജീവിതരീതി, മൂല്യസങ്കൽപം എന്നിവയിലുള്ള പരിജ്ഞാനവും കൂടി വേണം. രണ്ടു ഭാഷയിലും പദവിജ്ഞാനമുണ്ടായതുകൊണ്ടുമാത്രം നല്ല തർജമ സാധ്യമാവുകയില്ല. ഈ വിഷയത്തിൽ തന്നെയാണ് മലയാള ഖുർആൻതർജമക്കാരുടെ ഒന്നാമത്തെ അപര്യാപ്തി. രണ്ടു ഭാഷയിലും നേരത്തേ സൂചിപ്പിച്ചതുപോലുള്ള പാണ്ഡിത്യമുള്ളവരല്ല ഇതുവരെ ഉണ്ടായിട്ടുള്ള ഖുർആൻതർജമക്കാരൊന്നും. മിക്ക പരിഭാഷകരും അറബിഭാഷയിൽ ഏറെക്കുറെ പാണ്ഡിത്യമുള്ളവർ തന്നെ. പക്ഷേ, ശാസ്ത്രീയമായി മലയാളം ഭാഷ പഠിച്ചിട്ടുള്ളവർ അക്കൂട്ടത്തിൽ വിരളമാണ്. അക്ഷരജ്ഞാനവും പിന്നെ മാതൃഭാഷ എന്ന നിലയിൽ കൈകാര്യം ചെയ്ത പരിചയവും മാത്രമാണ് മലയാളഭാഷയിൽ പല പരിഭാഷകരുടെയും കൈമുതൽ. വിവർത്തനം ചെയ്യാനുദ്ദേശിക്കുന്ന കൃതിയുടെ വിഷയത്തിലും ആ കൃതിയുടെ രചനാപശ്ചാത്തലത്തിലും വിവർത്തകൻ അഭിജ്ഞനായിരിക്കുക എന്നതും ആവശ്യമാകുന്നു. ഒരു തത്ത്വശാസ്ത്രകൃതി പരിഭാഷപ്പെടുത്തുന്നത് ആ കൃതി കൈകാര്യം ചെയ്യുന്ന തത്ത്വശാസ്ത്രത്തെ സംബന്ധിച്ച് പിടിപാടുള്ള ഒരാൾ തന്നെ ആയിരിക്കണം. അയാൾക്ക് ആ കൃതിയുടെ കർത്താവിന്റെ ജീവിതത്തെയും ചിന്താഗതികളെയും സംബന്ധിച്ച് സാമാന്യധാരണയും വേണം. ഖുർആനെ സംബന്ധിച്ചേടത്തോളം ഇസ്ലാമിന്റെ ദൈവവിശ്വാസത്തെയും ധർമശാസ്ത്രത്തെയും അന്ത്യപ്രവാചകനെയും സംബന്ധിച്ച പരിജ്ഞാനമാണ് ഈ വശത്തെ പ്രതിനിധീകരിക്കുന്നത്. ഇക്കാര്യത്തിൽ ഖുർആന്റെ മുസ്ലിംപരിഭാഷകർ ഏറെക്കുറെ ധന്യരാണ്. മലയാളപരിഭാഷകളിൽ ഖുർആന്റെ അടിസ്ഥാനാശയങ്ങൾ വികൃതമാകാതിരിക്കാൻ അത് സഹായകമായിട്ടുണ്ട്.

ഒരു അന്യഭാഷാഗ്രന്ഥത്തിന് മറ്റൊരു ഭാഷയിൽ നല്ല പരിഭാഷയുണ്ടാകുന്നതിന് പൂർത്തീകരിക്കപ്പെടേണ്ട പൊതു ഉപാധികളാണ് മുകളിൽ സൂചിപ്പിച്ചത്. എന്നാൽ, വിശുദ്ധഖുർആന്റെ പരിഭാഷയ്ക്ക് ഇത്രയും ഉപാധികൾ മാത്രം പൂർത്തീകരിക്കപ്പെട്ടാൽ പോരാ. കാരണം, ഖുർആൻപരിഭാഷയ്ക്ക് വേറെയും നിരവധി പ്രശ്നങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് ഖുർആൻ ഒരു സാധാരണ ഗ്രന്ഥമല്ല എന്നുള്ളതാണ്. ഒരു സിദ്ധാന്തം, അല്ലെങ്കിൽ ശാസ്ത്രം, അതുമല്ലെങ്കിൽ ചരിത്രം, കഥ എന്തുമാകട്ടെ തുടക്കം മുതൽ ഒടുക്കം വരെ, ഭാഗങ്ങളും അധ്യായങ്ങളും ഉപ അധ്യായങ്ങളുമായി ക്രമീകരിച്ച് പ്രതിപാദിക്കുക. ഇതാണല്ലോ ഒരു സാധാരണ ഗ്രന്ഥത്തിന്റെ സ്വഭാവം. ഈ ഗ്രന്ഥസങ്കൽപവുമായി ഖുർആനെ സമീപിക്കുന്ന അനുവാചകൻ നിരാശനാകും. അയാൾ പരിചയിച്ച ചിട്ടയോ ക്രമമോ ഒന്നുമില്ലാതെയാണ് അതിന്റെ ക്രോഡീകരണം. അതിൽ നിയമശാസനകളും ചരിത്രവും അതിഭൗതികലോകത്തിന്റെ വർണനയും എല്ലാം കൂടിക്കലർന്നാണ് കിടക്കുന്നത്. ഒരു ചരിത്രം പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ പെട്ടെന്ന് വിഷയം പാരത്രികത്തിലെ കാര്യങ്ങളായി മാറുന്നു. ഒരു ശിക്ഷയെക്കുറിച്ചുള്ള താക്കീതിനിടയിലതാ ഏതെങ്കിലും പ്രവാചകന്റെ ചരിത്രത്തിലേക്കെടുത്തുചാടുന്നു. ജീവിതത്തിൽ മനുഷ്യൻ അനുവർത്തിക്കേണ്ട നിയമങ്ങളും ധർമങ്ങളും വിശദീകരിക്കുന്നതിനിടയിലതാ അല്ലാഹുവിന്റെ കാരുണ്യത്തെയും കഴിവിനെയും കുറിച്ച് വിസ്തരിക്കുന്നു.

## ഖുർആൻ ഒരു സവിശേഷഗ്രന്ഥം

മനുഷ്യജീവിതത്തിന്റെ വ്യത്യസ്ത അവസ്ഥകളിൽ ഓരോ അവസ്ഥയും എങ്ങനെ കൈകാര്യം ചെയ്യണമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഈ അധ്യാപനം അല്ലാഹു പരലോകത്തിരുന്ന് എഴുതിത്തയാറാക്കി അച്ചടിച്ച് ബൈന്റ് ചെയ്ത് ഇങ്ങോട്ടയക്കുകയായിരുന്നില്ല. ബാല്യം, യുവത്വം, വാർധക്യം, കുടുംബജീവിതം, കലഹം, യുദ്ധം, സമാധാനം, ക്ഷാമം, സമൃദ്ധി എന്നുവേണ്ട മനുഷ്യൻ നേരിടുന്ന ഓരോ അവസ്ഥയും പ്രവാചകൻ ആ അവസ്ഥ നേരിടുന്ന കൃത്യസമയത്തു തന്നെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് പഠിപ്പിക്കുകയായിരുന്നു ഖുർആൻ. അതിന്റെ അവതരണം പൂർത്തിയായത് 23 വർഷങ്ങൾകൊണ്ടാണ്. ഈ കാലഘട്ടത്തിനിടയിൽ പ്രവാചകനും ശിഷ്യന്മാരും ഒരു മനുഷ്യജന്മത്തിൽ അഭിമുഖീകരിക്കേണ്ട എല്ലാ അവസ്ഥകളെയും അഭിമുഖീകരിച്ചിട്ടുണ്ടായിരുന്നു. ഇതുകൊണ്ടാണ് വിശുദ്ധഖുർആൻക്രോഡീകരണം ഈ രൂപത്തിലായതും സകല മാനവികവിജ്ഞാനങ്ങളുടെയും സാരസർവസ്വമായതും.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ വിശുദ്ധ ഖുർആൻ പ്രകൃതിഗ്രന്ഥമാണ്. പ്രകൃതിയുടെ പതിപ്പാണ്. ഈ പ്രകൃതിയിൽ മലകളും മരുഭൂമികളും പുൽമേടുകളും കാടുകളും നദികളും സമുദ്രങ്ങളുമുണ്ട്. ഭൂമിയിലെ മലകളെല്ലാം ഒരിടത്ത്, നദികളും സമുദ്രങ്ങളുമെല്ലാം ഒരിടത്ത്, മരുഭൂമികളെല്ലാം ഒരിടത്ത്. ഇങ്ങനെയല്ല ഉള്ളത്. മലകൾ, അവയ്ക്കിടയിൽതന്നെ അഗാധമായ മലയിടുക്കുകൾ, വെള്ളച്ചാട്ടങ്ങൾ, അതിനിടയിൽതന്നെ ചിലപ്പോൾ മരുഭൂമികൾ, മരുഭൂമികളിൽ അങ്ങിങ്ങായി മരുപ്പച്ചകൾ, മലർവാടികൾ, സമുദ്രത്തിലങ്ങിങ്ങായി കരകൾ, കരകളിൽതന്നെ ഉൾസമുദ്രങ്ങൾ. ഇങ്ങനെയാണ് പ്രകൃതി. ഇവയെല്ലാം മനുഷ്യൻ കൃത്രിമമായി ക്രമീകരിക്കുകയും ഭൂമിയിലെ മലകളെയും സമുദ്രങ്ങളെയും മരുഭൂമികളെയുമെല്ലാം വെവ്വേറെ സ്ഥലങ്ങളിൽ വേർതിരിച്ച് സ്ഥാപിക്കുകയും ചെയ്തുവെന്ന് സങ്കൽപിക്കുക. എങ്കിൽ ഈ ഭൂമി വികൃതമാവുകയും വാസയോഗ്യമല്ലാതാവുകയുമാണുണ്ടാവുക. ഇതുപോലെയാണ് ഖുർആന്റെയും അവസ്ഥ. ഖുർആൻ ക്രമരഹിതമാണെന്നല്ല ഇതിനർഥം. ഖുർആന്റെ മൂലം പാരായണം ചെയ്യുമ്പോൾ സവിശേഷമായ ഒരു ക്രമവും താളവും നമുക്കനുഭവപ്പെടുന്നുണ്ട്. അതു തന്നെ ഖുർആന്ന് അതിന്റേതായ ഒരു ക്രമമുണ്ടെന്ന് വിളിച്ചോതുന്നു. മനുഷ്യന് പരിചിതമല്ലാത്തതും സാധ്യമല്ലാത്തതുമാണാ ക്രമം. അത് ഖുർആന്റെ 'അലൗകികത' എന്ന ഗുണത്തിന്റെ ഭാഗമാണ്. തർജമ പക്ഷേ, ലൗകികമാണ്, മനുഷ്യകൃതിയാണ്. അലൗകികമായ അറബിമൂലത്തിൽ പ്രസരിക്കുന്ന താളവും ക്രമവും അതിലേക്കാവാഹിക്കാനാവില്ല. ഈ യാഥാർഥ്യം ഗ്രഹിക്കാത്ത ഒരാളെ സംബന്ധിച്ചേടത്തോളം വിശുദ്ധ ഖുർആൻ ശിഥിലമായ വചനസമുച്ചയമായി തോന്നാം. മൂലത്തിന്റെ ക്രമവും താളവും ആവാഹിക്കാനായില്ലെങ്കിലും അനുവാചകനിൽ ഇത്തരമൊരു തോന്നലുളവാക്കാതിരിക്കാൻ വിവർത്തകൻ ശ്രമിക്കേണ്ടതുണ്ട്. ഖുർആൻവിവർത്തകൻ നേരിടുന്ന വലിയൊരു പ്രശ്നമാണിത്. വിവർത്തനകൗശലം കൊണ്ടല്ല, വ്യാഖ്യാനവൈഭവം കൊണ്ടാണ് പൊതുവിൽ പണ്ഡിതന്മാർ ഈ പ്രശ്നം പരിഹരിച്ചുവരുന്നത്.



ഒരു പുസ്തകത്തിന്റെ പരിഭാഷയെന്നാൽ മറ്റു ഭാഷകളിലുള്ള അതിന്റെ പുനരാവിഷ്കരണമാണല്ലോ. ഖുർആൻ അല്ലാഹുവിങ്കൽനിന്നുള്ളതാണ്, അല്ലാഹുവിന്റെ വചനമാണ്. ഖുർആനെ അല്ലാഹുവിന്റെ സൃഷ്ടി എന്നു പറയാമോ എന്ന കാര്യത്തിൽ പോലും പണ്ഡിതന്മാർക്കിടയിൽ തർക്കമുണ്ട്. നമ്മുടെ ഈ വിചാരത്തിൽ ആ വിഷയത്തിലേക്ക് കടക്കുന്നില്ല. പരിഭാഷാപരിസരത്ത് പ്രസക്തമായ മറ്റൊരു കാര്യം സൂചിപ്പിക്കുകയാണിവിടെ. ഹിമാലയപർവതം അല്ലാഹുവിന്റെ ഒരു സൃഷ്ടിയാണ്. നമുക്കത് നോക്കിക്കാണാം. അതിന്റെ ചിത്രം വരക്കാം, പടംപിടിച്ച് സ്ക്രീനിലോ മിനിസ്ക്രീനിലോ പ്രദർശിപ്പിക്കാം. പക്ഷേ, ദക്ഷിണേന്ത്യയിൽ ഒരു ഹിമാലയമുണ്ടാക്കാൻ നമുക്കാവില്ല. എന്തിന് ഹിമാലയത്തിലേക്കു പോകണം, നമ്മുടെ വീട്ടുമുറ്റത്ത് പ്രകൃതി മുളപ്പിച്ച ഒരു പുൽക്കൊടിക്ക് സമാനമായ മറ്റൊരു പുൽക്കൊടി പോലും നമുക്കുണ്ടാക്കാൻ കഴിയില്ല. ഒരുവേള ക്ലോണിംഗിലൂടെ അത് സാധ്യമാണെന്നു വാദിച്ചാൽപോലും ഖുർആന്റെ കാര്യത്തിൽ ക്ലോണിംഗും പ്രസക്തമല്ല. ഇതുതന്നെയാണ് ഖുർആന്റെ *ഇഅ്ജാസ്* അഥവാ അതിമാനുഷികത. ഇത് ഖുർആൻ തന്നെ വളരെ ഖണ്ഡിതമായി പ്രസ്താവിച്ചതാണ്: "നാം അവതരിപ്പിച്ച ഈ സൂക്തങ്ങൾ ദൈവത്തിങ്കൽനിന്നുള്ളതുതന്നെയാണോ എന്ന് നിങ്ങൾക്ക് സംശയം തോന്നുന്നുവെങ്കിൽ ഇതിലുള്ളതുപോലൊരു സൂറത്ത് -അധ്യായം- നിങ്ങൾ രചിച്ചുനോക്കുക. അതിനു നിങ്ങൾക്കുവേണ്ട സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യസന്ധരെങ്കിൽ അതാണ് ചെയ്യേണ്ടത്" (2:23). മറ്റൊരിടത്ത് ഖുർആൻ പറഞ്ഞു: "അവരോട് പറയുക: ഇതുപോലൊരു സൂറഃ നിങ്ങളും രചിക്കുവിൻ. അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് കഴിയുന്ന ആരെയും നിങ്ങളതിന് സഹായത്തിന് വിളിച്ചുകൊള്ളുക." മനുഷ്യവംശവും ജിന്ന്വംശവും കൂടിച്ചേർന്ന് ഒത്തൊരുമിച്ച് ശ്രമിച്ചാൽപോലും ഖുർആൻ പോലൊന്ന് ഉണ്ടാക്കാൻ കഴിയില്ലെന്നാണ് അല്ലാഹു പറയുന്നത്: "അവരോട് പറയുക: ഈ ഖുർആൻ പോലൊന്നുണ്ടാക്കാൻ മനുഷ്യവംശവും ജിന്ന്വംശവും ഒത്തുചേർന്ന് സഹകരിച്ചുശ്രമിച്ചാലും അവർക്ക് അതുപോലൊന്നുണ്ടാക്കാൻ സാധിക്കുകയില്ല" (17:88).

## ഖുർആന്റെ അറബിയ്യത്ത്

ഖുർആന്റെ പരിഭാഷയെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. അറബിഭാഷയിൽതന്നെ അതുപോലെ ഒന്നുണ്ടാക്കാൻ മനുഷ്യരും ജിന്നുകളും സഹകരിച്ചുശ്രമിച്ചാൽപോലും സാധ്യമല്ലെങ്കിൽപിന്നെ മറ്റൊരു ഭാഷയിൽ അതിന്റെ പകർപ്പുണ്ടാക്കുന്ന കാര്യം വിശേഷിച്ച് പറയേണ്ടതില്ലല്ലോ.

ഖുർആൻ അവതരിച്ചിട്ടുള്ളത് അറബിഭാഷയിലാണ്. അറബിഭാഷയ്ക്ക് വല്ല മഹത്വമോ പുണ്യമോ ഉണ്ടോ എന്ന പ്രശ്നത്തിലേക്ക് കടക്കുന്നില്ല. അതെന്തായാലും ഖുർആന്റെ അഭേദ്യമായ ഒരു ഗുണമാണ് അറബിയ്യത്ത്. അല്ലാഹു ഖുർആൻ അറബിഭാഷയിൽ അവതരിപ്പിച്ചു എന്നല്ല പറഞ്ഞിട്ടുള്ളത്, 'അറബിഖുർആൻ' ആക്കി അവതരിപ്പിച്ചു എന്നാണ്: "നാം അതിനെ അറബിഖുർആനാക്കിയിരിക്കുന്നു, നിങ്ങൾ ഗ്രഹിക്കേണ്ടതിന്" എന്ന് ഖുർആൻ രണ്ടിടത്ത് പ്രസ്താവിച്ചിട്ടുണ്ട് (43:3, 12:2). "അപ്രകാരം നാം നിനക്ക് അത് അറബിഖുർആനായി ബോധനം നൽകി. നീ നാടുകളുടെ കേന്ദ്രത്തിന് മുന്നറിയിപ്പു നൽകേണ്ടതിന്" എന്നാണ് ഇനിയൊരിടത്ത് (42:7) പറയുന്നത്.

പതിവായി വായിക്കപ്പെടുന്നത്, ഏറെ വായിക്കപ്പെടുന്നത് എന്നൊക്കെയാണ് *ഖുർആൻ* എന്ന വാക്കിനർഥം. 'പതിവായി വായിക്കപ്പെടുന്ന അറബിയാക്കി' എന്ന വാക്യം പതിവായി വായിക്കപ്പെടാൻ

ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും അതിനുചിതമാംവണ്ണം വചനങ്ങൾ ക്രമീകരിച്ച് സുന്ദരമാക്കിയിട്ടുള്ളതും അറബിഭാഷയിലുള്ള ഖുർആനാണെന്ന് സ്പഷ്ടമാക്കുന്നു. ഖുർആൻപരിഭാഷയുടെ പാരായണം, പരിഭാഷയുടെ പാരായണമാണ്. ഖുർആൻ പഠിക്കാൻ അതനിവാര്യം തന്നെ. അറബിയിലുള്ള ഖുർആൻപാരായണമേ യഥാർഥ ഖുർആൻപാരായണമാകൂ. സൂറത്തുൽ ഫാതിഹഃ ഒറ്റയിരിപ്പിന് ഒരു നൂറുവട്ടം ഓതാൻ നമുക്കൊരു പ്രയാസവുമുണ്ടാവില്ല. അതിന്റെ പരിഭാഷ -ഏതു ഭാഷയിലായാലും കൊള്ളാം- പത്തുവട്ടം ഓതുമ്പോഴേക്കും നാം മുഷിയും. ഖുർആന്റെ മൂലവും തർജമയും തമ്മിലുള്ള അന്തരമാണിത് ചൂണ്ടിക്കാണിക്കുന്നത്. ഖുർആൻ വസ്തുവാണെങ്കിൽ പരിഭാഷകൾ അതിന്റെ നിഴലുകളാണ്. വസ്തുവിന്റെ ത്രിമാനങ്ങളും അതിന്റെ വർണശോഭയും രൂപസൗന്ദര്യവുമൊന്നും നിഴലുകൾ ആവാഹിക്കുന്നില്ല. എങ്കിലും വസ്തു വ്യക്തവും പ്രകടമായ അവയവഘടനയുള്ളതുമാണെങ്കിൽ വെളിച്ചവും സ്ക്രീനും എത്രത്തോളം സമർഥമായി സജ്ജീകരിക്കുന്നുവോ അത്രത്തോളം നിഴൽ തെളിവാർന്നതും വസ്തുവിന്റെ മൊത്തം രൂപഭാവങ്ങൾ പ്രകടിപ്പിക്കുന്നതുമായിത്തീരുന്നു. തർജമക്കാരന്റെ ചിന്തയാകുന്ന വെളിച്ചവും തർജമ ചെയ്യപ്പെടുന്ന ഭാഷയാകുന്ന സ്ക്രീനും മെച്ചപ്പെട്ടതാണെങ്കിൽ ഖുർആന്റെ മൊത്തം സന്ദേശവും സ്വഭാവവുമുൾക്കൊള്ളുന്ന ഒരു തർജമയുണ്ടാകുന്നു, അത്രയേ ഉണ്ടാകൂ.

ചുരുക്കത്തിൽ, ഖുർആൻ ഇതരഭാഷകളിൽ പുനരാവിഷ്കരണക്ഷമമല്ല. അനുകരണക്ഷമവും അല്ല. ഖുർആൻ അറബിയിൽ മാത്രമുള്ളതാണ്. അറബിയിലുള്ളതേ ഖുർആനായിരിക്കൂ. അനറബിയാകുന്നതോടുകൂടി അത് സാക്ഷാൽ ഖുർആൻ അല്ലാതായിത്തീരുന്നു. ഖുർആന്റെ അലൗകികമായ ആശയഗാംഭീര്യം, അനുഭൂതിസാന്ദ്രത, സ്വാധീനശക്തി, സാഹിത്യസൗന്ദര്യം ഇതൊന്നും മറ്റൊരു ഭാഷയിലേക്ക് അതേപടി പകർത്താൻ ആരാലും സാധിക്കുകയില്ല. അല്ലാഹുവിന്റെ വചനങ്ങളെ നാം ഏറ്റവും കൃത്യമായി അനുകരിക്കാൻ ശ്രമിക്കുമ്പോൾ അത് ഏറെ വികലമായിപ്പോകുന്ന അനുഭവമുണ്ടാകുന്നു. അതുകൊണ്ടാണ് പദാനുപദ തർജമകൾ ഖുർആന്റെ ആശയവൈപുല്യത്തിൽനിന്നും സൗന്ദര്യത്തിൽനിന്നും ഏറെ അകന്ന ശുഷ്കമായതായി അനുഭവപ്പെടുന്നത്. ഒരുപക്ഷേ, ഇതുകൊണ്ടുതന്നെയായിരിക്കാം പണ്ടുള്ള പണ്ഡിതന്മാർ ഖുർആൻ ഭാഷ്യപ്പെടുത്തുന്നത് നിഷിദ്ധമാണെന്ന് വിധിച്ചുകളഞ്ഞതും. ഖുർആൻ വിവർത്തനം ചെയ്യാൻ പാടില്ലെന്നോ അതിനുള്ള ശ്രമം പാഴ്വേലയാകുമെന്നോ അല്ല പറഞ്ഞുവരുന്നത്. ഖുർആന്റെ അലൗകികസൗന്ദര്യവും അതിമാനുഷഗാംഭീര്യവും മറ്റൊരു ഭാഷയിലേക്ക് പകർത്താനാവില്ല എന്നാണ്.

## ഖുർആന്റെ ഫുർഖാനിയ്യത്ത്

'ഖുർആൻ' എന്നാൽ ഓതപ്പെടുന്നത് എന്നാണർഥം. ഖുർആന്റെ മറ്റൊരു പേരാണ് *ഫുർഖാൻ.* സത്യാസത്യങ്ങൾ വിവേചിക്കുന്ന ഉരകല്ല്, നല്ലതും കെട്ടതും വേർതിരിക്കുന്നത്, നന്മയും തിന്മയും കാണിച്ചുതരുന്നത് എന്നൊക്കെയാണതിനർഥം. ഖുർആന്റെ അറബിയ്യത്തുപോലെത്തന്നെ അഭേദ്യവും എന്നാൽ, മനുഷ്യരെ സംബന്ധിച്ചേടത്തോളം അതിനേക്കാൾ പ്രധാനവുമായ ഗുണമാണ് ഖുർആന്റെ *ഫുർഖാനിയ്യത്ത്.* എന്നല്ല, ഈ ഗുണമാണ് ഖുർആന്റെ ശാശ്വതലക്ഷ്യവുമായി ബന്ധപ്പെട്ടതും. ഖുർആന്റെ ലക്ഷ്യം ഖുർആൻ വിവരിക്കുന്നു: "മനുഷ്യരെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിനുവേണ്ടി നാം നിനക്ക് അവതരിപ്പിച്ചുതന്ന ഗ്രന്ഥം" (14:1). ഖുർആന്റെ രണ്ടാമധ്യായം തുടങ്ങുന്നതുതന്നെ ഇങ്ങനെയാണ്: "ധർമബോധമുള്ളവർക്ക് മാർഗദർശനം നൽകുന്ന വിശുദ്ധവേദമാണിത്" (2:2). മറ്റൊരിടത്ത് ഖുർആൻ പറഞ്ഞു: "ഈ ഖുർആൻ നേരായ കാര്യങ്ങളിലേക്ക് നയിക്കുന്നു. സൽക്കർമങ്ങൾ പ്രവർത്തിക്കുന്ന വിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് സുവാർത്ത നൽകുന്നു" (17:9). ഈ മാർഗദർശനവും സുവാർത്തയും അറബികൾക്ക് മാത്രമുള്ളതല്ല. എല്ലാ മനുഷ്യർക്കുമുള്ളതാണ്. എല്ലാ മനുഷ്യർക്കും അതെത്തണമെങ്കിൽ മനുഷ്യർ സംസാരിക്കുന്ന എല്ലാ ഭാഷകളിലും അത് വിവർത്തനം ചെയ്യപ്പെടുകയും വേണം. ഖുർആന്റെ ഈ സന്മാർഗദർശകമായ വശമാണ് അതിന്റെ മർമം. ഖുർആൻ അതിങ്ങനെ വ്യക്തമാക്കുന്നു: "അതിൽ ഖണ്ഡിതമായ ജ്ഞാനദായകസൂക്തങ്ങളുണ്ട്. അതാണ് വേദസാരം." തുടർന്ന് ചില 'അവ്യക്തവചനങ്ങളുമുണ്ട്' എന്നു പറഞ്ഞുകൊണ്ട് സങ്കീർണവും എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയാത്തതുമായ ചിലതും ഖുർആനിലുണ്ടെന്ന് ഖുർആൻതന്നെ ഉണർത്തിയിരിക്കുന്നു. അവ ഗ്രഹിക്കാത്തതുകൊണ്ട് ഖുർആനിൽനിന്നുള്ള മാർഗദർശനം വിലക്കപ്പെടുകയില്ല. ഖുർആനിലെ ദൈവികനിയമങ്ങളും ധാർമികോപദേശങ്ങളും അതിലെ സുവ്യക്തവചനങ്ങളിലൂടെ ഏതു സാധാരണക്കാരനും ഗ്രഹിക്കാൻ സാധിക്കും. അല്ലാഹു പറഞ്ഞു: "മനുഷ്യരെ ഉദ്ബുദ്ധരാക്കുന്നതിനുവേണ്ടി ഖുർആനെ നാം ലളിതമാക്കിയിരിക്കുന്നു. ഉദ്ബുദ്ധരാവാൻ സന്നദ്ധതയുള്ളവരുണ്ടോ?" (54:32). ആ സന്നദ്ധതയുണ്ടെങ്കിൽ ഏതു പാമരനും എത്ര മോശപ്പെട്ട ഖുർആൻപരിഭാഷ വായിച്ചാലും മനുഷ്യനെന്ന നിലയ്ക്ക് തന്റെ ഉത്തരവാദിത്വങ്ങളെന്തൊക്കെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. മനുഷ്യൻ അത് മനസ്സിലാക്കുക എന്നതുതന്നെയാണ് ഖുർആന്റെ ലക്ഷ്യവും. എന്തിന് മനസ്സിലാക്കാൻ കഴിയാതിരിക്കണം? അല്ലാഹു പറയുന്നു: "നാം ഒരു വേദം മനുഷ്യർക്ക് എത്തിച്ചുകൊടുത്തിരിക്കുന്നു. അത് ജ്ഞാനാധിഷ്ഠിതമായി വിശദീകരിക്കപ്പെട്ടതും അവർക്ക് സന്മാർഗദായകവും അനുഗ്രഹദായകവുമാകുന്നു" (7:52). മറ്റൊരിടത്ത്, ഖുർആൻ: "സുഭദ്രമാക്കപ്പെട്ടതും പിന്നെ അഭിജ്ഞനും ഉൾക്കാഴ്ചയുള്ളവനുമായവങ്കൽനിന്ന് വിശദീകരിക്കപ്പെട്ടതുമായ സൂക്തങ്ങളുള്ള വേദം" (11:1).

അപ്പോൾ അലൗകികതയും ലൗകികതയും മേളിച്ച വേദമാണ് ഖുർആൻ. അതിന്റെ അലൗകികത പരിഭാഷയ്ക്ക് വഴങ്ങുന്നതല്ല; എന്നാൽ, അതിന്റെ ലൗകികത അഥവാ ജ്ഞാനദായകവും മാർഗദർശകവുമായ വശം, അത് വിവർത്തനക്ഷമമാണ്, എല്ലാ ഭാഷകളിലേക്കും നിർബന്ധമായി വിവർത്തനം ചെയ്യേണ്ടതുമാണ്. ഈ പരിപ്രേക്ഷ്യത്തിലൂടെയുള്ള ഖുർആൻപരിഭാഷകളും ഒരുപാട് പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്, മലയാളത്തിൽ വിശേഷിച്ചും. പദാനുപദവിവർത്തനമാണോ ആശയവിവർത്തനമാണോ സ്വീകരിക്കേണ്ടത് എന്നതാണ് ഒന്ന്. ഖുർആന്റെ മൂലപദങ്ങളോട് ഏറ്റവും നീതിപുലർത്തുക പദാനുപദവിവർത്തനമാണ് എന്ന നിലയ്ക്ക് മുൻകാലത്ത് അധികമാളുകളും ഈ ശൈലിയാണ് തെരഞ്ഞെടുത്തിരുന്നത്. ഈ ശൈലിയിലുള്ള വിവർത്തനം ഏറെ ശുഷ്കവും വിരസവും വികലവുമായിപ്പോകുന്നു. അറിവില്ലാത്തവർ ഖുർആനെത്തന്നെ സംശയിക്കാനിടയായിത്തീരുന്നു. ഖുർആന്റെ മൂലത്തോട് അടുത്തുനിൽക്കുക ഈ ശൈലിയാണെന്ന ധാരണ ശരിയാണെന്ന് തോന്നുന്നില്ല. വാസ്തവത്തിൽ ഇത്തരം തർജമ മൂലത്തിന്റെ ആശയങ്ങളിൽനിന്ന് അകലുകയാണ് ചെയ്യുക. കാരണം ഒരു പദാനുപദവിവർത്തനക്കാരന് *ദാലികൽ കിത്താബു* എന്ന മൂലവാക്യത്തെ 'ഇത് ആ പുസ്തകമാകുന്നു' എന്നേ തർജമചെയ്യാൻ പറ്റൂ. എന്നാൽ, ചുരുങ്ങിയ പക്ഷം 'ഇത് അല്ലാഹുവിന്റെ വേദമാകുന്നു' എന്നോ 'വിശുദ്ധവേദമാകുന്നു' എന്നോ വിവർത്തനം ചെയ്തില്ലെങ്കിൽ ആ വാക്യം അർഥശൂന്യമാകുന്നു എന്നതാണ് വസ്തുത. ഇങ്ങനെ ചിന്തിക്കുമ്പോൾ ഖുർആൻ പദാനുപദം വിവർത്തനം ചെയ്യുന്നത് ശരിയല്ല എന്നിടത്താണ് എത്തുക. ഖുർആനിൽനിന്ന് വിവർത്തനം ചെയ്യപ്പെടേണ്ടത് അതിലെ ആശയമാണ്. അതുകൊണ്ട് ഖുർആന്റെ ആശയവിവർത്തനമേ ശരിയാകൂ. ആശയവിവർത്തനത്തെ സ്വതന്ത്രവിവർത്തനം എന്നും പറയാറുണ്ട്. മൂലപദങ്ങളുടെ ബന്ധനത്തിൽനിന്നുള്ള സ്വാതന്ത്ര്യമാണ് അതുകൊണ്ടുദ്ദേശ്യമെങ്കിൽ കുഴപ്പമില്ല. ഈ സ്വാതന്ത്ര്യം ഉപയോഗിക്കുന്നത് മൂലത്തിന്റെ ആശയം കൂടുതൽ സ്പഷ്ടമാക്കുന്നതിനു വേണ്ടിയായിരിക്കണമെന്ന ഉപാധിയുണ്ട്. മൂലത്തിന്റെ ആശയ

ത്തിൽനിന്ന് വല്ലതും കളയാനോ കൂട്ടിച്ചേർക്കാനോ വിവർത്തകന് സ്വാതന്ത്ര്യമില്ല. ആ രീതിയിൽ ഖുർആൻ സ്വതന്ത്രമായി വിവർത്തനം ചെയ്യാൻ പാടില്ല. അത് അല്ലാഹുവിനോടും മനുഷ്യരോടും അനുവർത്തിക്കുന്ന വഞ്ചനയായിരിക്കും.

## പരിഭാഷകൾ നിഷ്പ്രയോജനമല്ല

വിവർത്തകന്മാരുടെ മാതൃഭാഷാപരിജ്ഞാനത്തെക്കുറിച്ച് നേരത്തേ സൂചിപ്പിച്ചുവല്ലോ. ഖുർആന്റെ മലയാളവിവർത്തകന്മാരിൽ അധികമാളുകളും വേണ്ടത്ര മലയാളപരിജ്ഞാനമുള്ളവരല്ലാത്തതിനാൽ മിക്ക ഖുർആൻപരിഭാഷകളിലും ഭാഷാപരമായ സ്ഖലിതങ്ങളുള്ളതായി വിമർശിക്കപ്പെടുന്നുണ്ട്. ഏതാനും വർഷം മുമ്പ് ഖുർആൻപരിഭാഷ സംബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട ഒരു ചർച്ചാസമ്മേളനത്തിൽ ഇതുവരെയുണ്ടായ ഖുർആൻപരിഭാഷകളൊക്കെ ഒന്നിനും കൊള്ളാത്തവയാണെന്ന് ചില സാഹിത്യകാരന്മാർ ആക്ഷേപിക്കുകയുണ്ടായി. അറബിപണ്ഡിതന്മാർ അടിയന്തരമായി മലയാളം പഠിക്കണമെന്നും, അല്ലെങ്കിൽ മലയാളപണ്ഡിതന്മാരുടെ സഹായം തേടി വേണം ഖുർആൻ പരിഭാഷപ്പെടുത്താനെന്നുമൊക്കെ അവർ നിർദേശിക്കുകയും ചെയ്തു.

നിലവിലുള്ള ഖുർആൻതർജമകളിൽ ഭാഷാപരമായ അബദ്ധങ്ങളുണ്ടെന്നത് ശരിയായിരിക്കാം. അവ തിരുത്തപ്പെടേണ്ടതാണെന്നതിൽ തർക്കമില്ല. പക്ഷേ, നിലവിലുള്ള ഖുർആൻപരിഭാഷകളത്രയും തീരെ നിഷ്പ്രയോജനമാണെന്ന വാദം വളരെ അതിരുകടന്നതാണ്. മതഭേദമന്യേ കേരളീയർക്ക് ഖുർആനെ പരിചയപ്പെടുത്തുന്നതിൽ ഈ തർജമകൾ വമ്പിച്ച പങ്കുവഹിച്ചിട്ടുണ്ട്. സി. എൻ. അഹ്മദ് മൗലവിയുടെയും മുഹമ്മദ് അമാനിയുടെയും ഖുർആൻവ്യാഖ്യാനങ്ങളും സയ്യിദ് അബുൽഅഅ്ലാ മൗദൂദി ഉർദുവിൽ രചിച്ച *തഫ്ഹീമുൽ ഖുർആൻ* എന്ന ഖുർആൻവ്യാഖ്യാനത്തിന്റെ മലയാളപരിഭാഷയും കേരളത്തിൽ നല്ല പ്രചാരം നേടിയിട്ടുള്ള ഗ്രന്ഥങ്ങളാണ്. *തഫ്ഹീമുൽ ഖുർആ*ന്റെ ഒറ്റവാല്യത്തിലുള്ള സംഗ്രഹമായ *തർജുമയെ ഖുർആന്റെ* മലയാളപരിഭാഷ ഇതിനകം ഇരുപതോളം പതിപ്പുകൾ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ഖുർആൻതർജമകളുടെ പ്രചാരം വർധിച്ചുവരുന്നതിനനുരോധമായി മുസ്‌ലിംസമൂഹത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുറഞ്ഞുവരുന്നുവെന്നത് അനിഷേധ്യമായ വസ്തുതയാണ്. സഹോദരസമുദായങ്ങൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതിലും ഖുർആൻതർജമകൾക്ക് വലുതായ പങ്കുണ്ട്. പല പ്രസാധകരിലൂടെ ഖുർആൻ പരിഭാഷകൾ നിരന്തരം പ്രചരിച്ചുകൊണ്ടേയിരിക്കുന്നുവെന്നതുതന്നെ അതിന്റെ പ്രയോജനകാരിതയ്ക്ക് തെളിവാണ്. ബൈബിൾ പോലെ നാമമാത്രവിലയ്ക്ക് മിഷനറികളാൽ വിതരണം ചെയ്യപ്പെടുകയല്ല ഖുർആൻ എന്നോർക്കണം. മുതലിനുപുറമെ ലഘുവായെങ്കിലും ലാഭവും ഈടാക്കിക്കൊണ്ടാണവ വിൽക്കപ്പെടുന്നത്. ഖുർആൻ എന്താണെന്ന് മനസ്സിലാക്കുമ്പോൾ നിലവിലുള്ള പരിഭാഷകളുടെ പോരായ്മകളെ അത്രവളരെ ആക്ഷേപിക്കാൻ കഴിയില്ല. പരിഭാഷകർക്ക് മലയാളത്തിലും അറബിയിലും ഒരുപോലെ പാണ്ഡിത്യമില്ല എന്നതാണല്ലോ ഒരു കുറ്റം. രണ്ടു ഭാഷയും ഒരുപോലെ അറിവുള്ളവർ സുലഭമല്ല. ഉണ്ടെങ്കിൽതന്നെ അവർ ഖുർആൻതർജമയ്ക്ക് മുതിരുന്നില്ല. ഈ സാഹചര്യത്തിൽ ദീനിന്റെയും സമുദായത്തിന്റെയും അവഗണിക്കാനാവാത്ത ഒരാവശ്യമെന്ന നിലയിൽ ആരെങ്കിലും തങ്ങളുടെ പരിമിതമായ കഴിവുപയോഗിച്ച് അതിനു മുതിർന്നാൽ അവരെ ആക്ഷേപിച്ച് നിരുത്സാഹപ്പെടുത്തുകയല്ല, അവരോട് സഹകരിച്ച് പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. വെറുമൊരു കച്ചവടമെന്ന നിലയിൽ ആരെങ്കിലും വല്ലതുമൊക്കെ പടച്ചുവിടുന്നെങ്കിൽ അത് വിമർശിക്കപ്പെടേണ്ടതാണെന്നതിൽ തർക്കവുമില്ല. മലയാളപണ്ഡിതന്മാർ ചെയ്താൽ ഖുർആൻപരിഭാഷകൾ നൂറുശതമാനം കുറ്റമറ്റതായിത്തീരും എന്നൊരു വിചാരവും ചിലർക്കുള്ളതായി തോന്നുന്നു. അത് ശരിയല്ല. മലയാളത്തിലെ ഏറ്റവും വിശിഷ്ടമായ ഗ്രന്ഥങ്ങളെഴുതിയിട്ടുള്ളവരെല്ലാം മലയാളപണ്ഡിതന്മാരാണോ? അല്ലെങ്കിൽ മലയാളഭാഷയിൽ ബിരുദമെടുത്തവരെഴുതിയതെല്ലാം അതിവിശിഷ്ടങ്ങളാണോ? ഇങ്ങനെ ഒട്ടേറെ ചോദ്യങ്ങൾ ഇവിടെ പ്രസക്തമാണ്.

**അലൗകികതയും ലൗകികതയും മേളിച്ച വേദമാണ് ഖുർആൻ. അതിന്റെ അലൗകികത പരിഭാഷയ്ക്ക് വഴങ്ങുന്നതല്ല; എന്നാൽ, അതിന്റെ ലൗകികത അഥവാ ജ്ഞാനദായകവും മാർഗദർശകവുമായ വശം, അത് വിവർത്തനക്ഷമമാണ്**

## ഭാഷാപാണ്ഡിത്യം മാത്രം മതിയോ?

അറബിപണ്ഡിതന്മാരും മലയാളപണ്ഡിതന്മാരും സഹകരിച്ചാൽ കൂടുതൽ നല്ല ഖുർആൻപരിഭാഷകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. എന്നാൽ, അക്കാര്യം ഉറപ്പിക്കുകയൊന്നും വേണ്ട. രണ്ടു ഭാഷകളും ഒരുപോലെ കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരാളുടെ സർഗശക്തിയാണ് പരിഭാഷയിലൂടെ ദൃശ്യമാവുക. ഓരോ ഭാഷ അറിയുന്ന രണ്ടാൾ കൂടി നടത്തുന്ന ഭാഷാന്തരയത്നത്തിന്റെ വിജയം ഭിന്നമായ രണ്ടു പ്രതിഭയുടെ പാരസ്പര്യത്തെ ആശ്രയിച്ചിരിക്കുന്നു. ഒരാൾ ഉൾക്കൊണ്ടത് മറ്റേയാൾ എഴുതണം. ഇതത്ര എളുപ്പമുള്ള കാര്യമല്ല. ഇത്തരം തർജമകളിൽ വ്യാകരണദോഷങ്ങളും അക്ഷരത്തെറ്റുകളുമുണ്ടാവില്ലെന്നേ പ്രതീക്ഷിക്കാനാകൂ. മലയാളത്തിൽ ഒരുപാട് 'ഹാംലെറ്റ്' പരിഭാഷകളുണ്ട്. അതിലൊന്ന് നിർവഹിച്ചിട്ടുള്ളത് മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാനാണ്. ഇംഗ്ലീഷ് അറിയാത്ത കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഇംഗ്ലീഷ് പണ്ഡിതനായ രാമച്ചവാര്യരുടെ സഹായത്തോടെയാണ് ഈ പരിഭാഷ രചിച്ചത്. പക്ഷേ, മലയാളത്തിലെ ഹാംലെറ്റ് പരിഭാഷകളിൽ ഏറെ മോശപ്പെട്ട ഒന്നായിട്ടാണ് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പരിഭാഷ എണ്ണപ്പെടുന്നത്. അദ്ദേഹത്തിന്റെ ഒരു മൂന്നാംകിട ദ്രുതകവനത്തോളം പോലും മലയാളികളെ അത് സ്വാധീനിക്കുകയുണ്ടായില്ല. ഇത് തമ്പുരാന് മലയാളമറിയാത്തതുകൊണ്ടോ രാമച്ചവാര്യർക്ക് ഇംഗ്ലീഷ് അറിയാത്തതുകൊണ്ടോ ആയിരുന്നില്ല. വിജാതീയ സർഗവൈഭവങ്ങൾക്ക് പരസ്പരപ്രവർത്തനം നടത്താൻ കഴിയാത്തതുകൊണ്ടായിരുന്നു.

പരിഭാഷയുടെ വിജയവും പരാജയവും ഭാഷാപരിജ്ഞാനത്തിലേറെ ഭാഷകൊണ്ട് രചന നടത്താനുള്ള സർഗശക്തിയെ ആശ്രയിച്ചാണിരിക്കുന്നത്. ഷേക്സ്പിയറുടെ ഒരുപാട് നാടകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് -ഹാംലെറ്റ് കൂടാതെയും. ഇക്കൂട്ടത്തിൽ കൈനിക്കര കുമാരപിള്ള, സി.ജെ. തോമസ്, എം.ആർ. നായർ തുടങ്ങിയ ഏതാനും പേരുടെ പരിഭാഷകൾ മാത്രമേ ഷേക്സ്പിയർഭാവനയുടെ ആഴങ്ങൾ അൽപമെങ്കിലും നമുക്ക് കാണിച്ചുതരുന്നുള്ളൂ. ബാക്കിയൊന്നും സാഹിത്യലോകത്ത് ഷേക്സ്പിയർക്കുള്ള സ്ഥാനം വെളിപ്പെടുത്തുന്നതോ അദ്ദേഹത്തിന്റെ ഭാവനാപ്രപഞ്ചം മലയാളികൾക്ക് കാട്ടിക്കൊടുക്കുന്നതോ അല്ല എന്നാണ് നിരൂപകമതം. ഇങ്ങനെ സംഭവിച്ചത് മറ്റു വിവർത്തകന്മാർക്കൊന്നും മലയാളമോ ഇംഗ്ലീഷോ അറിഞ്ഞുകൂടാത്തതുകൊണ്ടുമല്ല, ആണെന്ന് ആരും പറഞ്ഞിട്ടുമില്ല.

## ഭാഷയുടെ പരിമിതികൾ

ഇനി, മലയാളത്തിലെ ഖുർആൻ വിവർത്തകന്മാരുടെ കാര്യമെടുക്കുക. സി.എൻ. അഹ്മദ് മൗലവിയാണല്ലോ ആദ്യമായി സമ്പൂർണഖുർആൻപരിഭാഷ പുറത്തിറക്കിയത്. അദ്ദേഹത്തിന്റെ പരിഭാഷയെയും നേരത്തേ സൂചിപ്പിച്ച വിമർശകർ ഒഴിവാക്കിയിട്ടില്ല. ഇതേ സി.എൻ. മല

യാളത്തിൽ വേറെയും അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിലൊന്നും ആരും ഭാഷാദോഷം ആരോപിച്ചുകാണുന്നില്ല. സി.എന്നിന് മലയാളപാണ്ഡിത്യമില്ലാത്തതുകൊണ്ടല്ല അദ്ദേഹത്തിന്റെ ഖുർആൻപരിഭാഷ അങ്ങനെയായത് എന്നതിന് ഇതിൽപരം തെളിവ് ആവശ്യമുണ്ടെന്നും തോന്നുന്നില്ല. ഖുർആൻപരിഭാഷയ്ക്ക് അദ്ദേഹം ഒരു പ്രത്യേകഭാഷാശൈലി സ്വീകരിക്കുകയായിരുന്നു. അങ്ങനെ സ്വീകരിക്കേണ്ടത് ഖുർആന്റെ സ്വഭാവം പരിഗണിക്കുമ്പോൾ ആവശ്യവുമായിരുന്നു. അദ്ദേഹം സ്വീകരിച്ച ശൈലി വേണ്ടത്ര നന്നായോ എന്ന കാര്യത്തിൽ പലർക്കും പല അഭിപ്രായങ്ങളുണ്ടാവാം. പക്ഷേ, സി.എന്നിന്റെ എന്നല്ല ആരുടെയും ഖുർആൻപരിഭാഷ ഒരു പ്രത്യേക ഭാഷയിലായിപ്പോയത് അവർക്കൊന്നും മലയാളമറിയാത്തതുകൊണ്ടാണെന്നും മലയാളപണ്ഡിതന്റെ സഹായം തേടിയിരുന്നുവെങ്കിൽ കാര്യം വളരെ ഭദ്രവും അതിമനോഹരവുമാകുമായിരുന്നു എന്നുമൊക്കെ പറഞ്ഞാൽ മനസ്സിലാക്കാൻ പ്രയാസമുണ്ട്.

ഖുർആൻപരിഭാഷയുടെ വലിയ പ്രശ്നം പരിഭാഷചെയ്യപ്പെടുന്നത് ഖുർആനാണ് എന്നതുതന്നെയാണ്. മലയാളഭാഷ എന്തും എങ്ങനെയും ഉൾക്കൊള്ളാൻ അധികമാണെന്നൊക്കെ ഭാഷാഭിമാനത്തിന്റെ പേരിൽ നമുക്ക് മേനിപറയാം. ഗൗരവമുള്ള കൃതികളുടെ വിവർത്തനവേളയിൽ ഈ ഭാഷാഭിമാനം കൊണ്ടും മേനിപറച്ചിൽകൊണ്ടും കാര്യം നടക്കുകയില്ല. മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട വിശ്വസാഹിത്യകൃതികളും ശാസ്ത്രകൃതികളും ദാർശനികഗ്രന്ഥങ്ങളുമെല്ലാം ഇതിന് ഉദാഹരണമാകുന്നു. ഖുർആന്റെ കാര്യം പറഞ്ഞാൽ, അതിന്റെ *ഖുർആൻ, ഫുർഖാൻ* എന്നീ ഗ്രന്ഥനാമങ്ങളെ കൃത്യമായി ഭാഷ്യപ്പെടുത്തുന്ന ഒറ്റപദങ്ങൾ പോലും മലയാളത്തിൽ ഇല്ല എന്നതാണ് വസ്തുത. ഇസ്‌ലാം, ഈമാൻ, ഇബാദത്ത് തുടങ്ങി ഒട്ടേറെ പദങ്ങൾക്ക് സമാനമായി മലയാളത്തിൽ ഉപയോഗിച്ചുവരുന്ന പദങ്ങൾ യഥാർഥത്തിൽ മൂലപദങ്ങളുടെ അർഥധ്വനികളെ പൂർണമായി ഉൾക്കൊള്ളുന്നവയല്ല. ഖുർആനികപദങ്ങൾക്ക് സമാനമായ ഭാഷാപദങ്ങളുടെ അഭാവം ഖുർആൻപരിഭാഷകൻ നേരിടുന്ന വലിയൊരു വെല്ലുവിളി തന്നെയാണ്. സാങ്കേതികശബ്ദങ്ങൾപോലും മലയാളത്തിൽ എത്രയോ ഇനിയും ഉണ്ടാക്കപ്പെട്ടിട്ടു വേണം. അറബി ഒരു സെമിറ്റിക്ഭാഷയാണ്. മലയാളം ദ്രാവിഡഭാഷയും. ഹിന്ദിയിൽനിന്നോ തമിഴിൽനിന്നോ വിവർത്തനം ചെയ്യുന്നതുപോലെ എളുപ്പമല്ല അറബിയിൽനിന്ന് മലയാളത്തിലേക്കുള്ള വിവർത്തനം. അറബി, മലയാളത്തിനേക്കാൾ അടുത്തുനിൽക്കുന്നത് ഇംഗ്ലീഷ് ഭാഷയോടാണ്. അതുകൊണ്ട് അറബിയിൽനിന്ന് ഇംഗ്ലീഷിലേക്കുള്ള പരിഭാഷ താരതമ്യേന എളുപ്പമാകും. എന്നാൽ, ഇംഗ്ലീഷിലുള്ള ഖുർആൻഭാഷ്യങ്ങളെല്ലാം കുറ്റമറ്റതാണെന്ന് വിചാരിക്കുന്നത് ശരിയായിരിക്കുകയില്ല.

## ഖുർആൻഭാഷ

ഖുർആൻ ഗദ്യമോ പദ്യമോ അല്ലാത്ത ഒരു ഭാഷാരീതിയാണ്. ഇത് പദ്യം വിവർത്തനം ചെയ്യുന്നതുപോലെയോ ഗദ്യം വിവർത്തനംചെയ്യുന്നതുപോലെയോ വിവർത്തനം ചെയ്യാൻ കഴിയില്ല. ഷേക്സ്പിയർനാടകങ്ങളുടെ മലയാളപരിഭാഷ മിക്കതും പരാജയപ്പെടുന്നത് അതിലെ ഭാഷ പദ്യമോ ഗദ്യമോ അല്ലാത്ത 'ബ്ലാങ്ക് വേഴ്സ്' ആയതുകൊണ്ടാണെന്ന് നിരൂപകർ പറയുന്നു. ഖുർആന്റെ ഭാഷയെ ബ്ലാങ്ക് വേഴ്സ് എന്നു പറഞ്ഞുകൂടാ. അത് ഖുർആനിക് വേഴ്സ് മാത്രമാണ്. ഷേക്സ്പിയറും ഇംഗ്ലീഷ്ഭാഷയും ഉണ്ടാകുന്നതിനു മുമ്പേ അവതീർണമായത്. ഇത്തരം ഒരു ഗ്രന്ഥത്തെ മലയാളഭാഷാപാണ്ഡിത്യംകൊണ്ടുമാത്രം ഒരാൾക്ക് പുനരാവിഷ്കരിക്കാൻ പറ്റുമെന്ന് കരുതിക്കൂടാ.

ഖുർആൻവിവർത്തനത്തിന്റെ മറ്റൊരു പ്രശ്നം വിവർത്തകന്മാരുടെ വിശ്വാസവും അറിവുമാണ്. ഇസ്‌ലാം എന്താണെന്ന് പഠിക്കുകയോ അതിൽ വിശ്വസിക്കുകയോ ചെയ്യാത്ത പല ഇംഗ്ലീഷുകാരും ഖുർആൻ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അതെല്ലാം അബദ്ധജടിലമാവുകയും ചെയ്തു. ഇങ്ങനെ അബദ്ധപഞ്ചാംഗമായിത്തീർന്ന ഒരു ഖുർആൻപരിഭാഷയാണ്, അറബിഭാഷ പഠിച്ച ഭൂദാൻ പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന വിനോഭാജിയുടേത്.

ഖുർആൻസൂക്തങ്ങളുടെ അവതരണപശ്ചാത്തലത്തെ സംബന്ധിച്ച ധാരണയും നല്ലൊരു പരിഭാഷ രചിക്കാൻ ആവശ്യമാണ്. വാചകങ്ങളുടെ ഊന്നലും അർഥവ്യാപ്തിയും ധ്വനികളും മനസ്സിലാക്കാൻ ഇത് പരിഭാഷകരെ സഹായിക്കും.

ഖുർആൻപരിഭാഷയ്ക്ക് മുതിരുന്നവരുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളും വീക്ഷണഗതികളും പരിഭാഷയെ സ്വാധീനിക്കാതെ നോക്കുക എന്നതാണ് മറ്റൊന്ന്. ഉദാഹരണമായി, *ഇഖ്തറബതിസ്സാഅതു വൻശഖൽ ഖമറു* എന്ന വാക്യത്തിന്റെ നേർക്കുനേരെയുള്ള അർഥം 'അന്ത്യനാൾ അടുത്തു, ചന്ദ്രൻ പിളരുകയും ചെയ്തു' എന്നാണ്. നബി(സ)യുടെ കാലത്ത് ചന്ദ്രൻ പിളർന്നിട്ടുണ്ടെന്നും ഈ സൂക്തം അതാണ് സൂചിപ്പിക്കുന്നതെന്നുമാണ് ഇതിന്റെ ഒരു വ്യാഖ്യാനം. നബി(സ)യുടെ കാലത്ത് ചന്ദ്രൻ പിളർന്നിട്ടില്ല, ഭാവിയിൽ അന്ത്യനാളിൽ ചന്ദ്രൻ പിളരും, അതാണ് സൂക്തം സൂചിപ്പിക്കുന്നത് എന്ന് മറ്റൊരു വ്യാഖ്യാനവുമുണ്ട്. ഇവിടെ ആദ്യത്തെ വീക്ഷണക്കാർ *വൻശഖൽ ഖമറു* എന്നതിനെ 'ചന്ദ്രൻ ഇതാ പിളർന്നിരിക്കുന്നു' എന്നോ 'പിളർന്നുകഴിഞ്ഞു' എന്നോ പരിഭാഷപ്പെടുത്തുന്നത് ശരിയല്ല. രണ്ടാമത്തെ വീക്ഷണക്കാർ 'ചന്ദ്രൻ പിളരും' എന്നോ 'പിളരാനിരിക്കുന്നു' എന്നോ പരിഭാഷപ്പെടുത്തുന്നതും അപ്രകാരം തന്നെ. ഇവിടെ നേർക്കുനേരെയുള്ള അർഥം തന്നെയാണ് സ്വീകരിക്കേണ്ടത്. ഖുർആൻ ഭാവിയെ പലപ്പോഴും ഭൂതമാക്കി അവതരിപ്പിക്കാറുള്ളതുകൊണ്ട് 'ചന്ദ്രൻ പിളർന്നു' എന്ന കൃത്യമായ തർജമ രണ്ടു വ്യാഖ്യാനങ്ങൾക്കും വകനൽകുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ പരിഭാഷകന്റെ വകയായി എതിർവ്യാഖ്യാനങ്ങളുടെ പഴുതടക്കുന്നത് അനാശാസ്യമായിരിക്കും. *വശ്ശംസു തജ്‌രീ ലിമുസ്തഖർറിൻ ലഹാ* എന്ന വാക്യത്തെ 'സൂര്യൻ അതിന്റെ താവളത്തിൽ ചലിക്കുന്നു' എന്ന് പരിഭാഷപ്പെടുത്തിയിട്ട് പരിഭാഷകൻ സൂര്യൻ നിശ്ചലഗോളമാണെന്ന് സ്വന്തം വീക്ഷണമനുസരിച്ച് അതിനെ വ്യാഖ്യാനിക്കുന്നത് തെറ്റാകുന്നില്ല. എന്നാൽ, അതിനെ 'സൂര്യൻ അതിന്റെ താവളത്തിൽ നിൽക്കുന്നു' എന്ന് പരിഭാഷപ്പെടുത്തിക്കൂടാ.

ഖുർആൻതർജമയിൽ പരിഗണിക്കേണ്ട ഇത്തരം പ്രശ്നങ്ങൾ വേറെയുമുണ്ട്. ഇതുപോലൊരു ലേഖനത്തിൽ അവയെല്ലാം വിസ്തരിക്കുക അസാധ്യമാണ്. ഈ പ്രശ്നങ്ങൾക്കെല്ലാം അർഹമായ പരിഗണന നൽകുന്ന പരിഭാഷകൻ പലപ്പോഴും ഭാഷാസൗന്ദര്യത്തെയും കാവ്യാത്മകതയെയും അവഗണിക്കാൻ നിർബന്ധിതനാകുന്നു. അല്ലാഹു മനുഷ്യനെ അറിയിക്കാനുദ്ദേശിച്ചതെന്തോ അത് അവർക്ക് പകർന്നുകൊടുക്കുക എന്നതിൽതന്നെയാണ് പരിഭാഷകൻ പ്രഥമമായും പ്രധാനമായും ശ്രദ്ധയൂന്നേണ്ടത്. ആശയസ്ഫുടതയും ഭാഷാസൗന്ദര്യവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ പരിഭാഷകൻ നിൽക്കേണ്ടത് ആശയസ്ഫുടതയുടെ ഭാഗത്തുതന്നെ. ഭാഷ സുന്ദരമാക്കുന്നത് ആശയം കൂടുതൽ സ്ഫുടവും ലളിതവുമാക്കുന്നതിനുവേണ്ടിയാവണം. പക്ഷേ, ചില പരിഭാഷകൾ വായിക്കുമ്പോൾ ആശയവും ഭാഷയും കൊല ചെയ്യപ്പെട്ടതായാണ് തോന്നുക. ഭാഗ്യവശാൽ രണ്ടു വശത്തും സാമാന്യം നിലവാരം പുലർത്തുന്ന തർജമകളുമുണ്ട്. അവ ഇനിയും സംസ്കരിക്കപ്പെടേണ്ടിയിരിക്കുന്നു. മലയാളത്തിൽ ഖുർആൻതർജമ അംഗീകരിക്കപ്പെട്ടിട്ട് ഏതാനും ദശകങ്ങളല്ലേ ആയുള്ളൂ. കാലക്രമത്തിൽ, കൂടുതൽ ആശയസ്ഫുടതയും ഭാഷാസൗന്ദര്യവുമുള്ള ഖുർആൻപരിഭാഷകൾ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കാം. ഭാഷാപണ്ഡിതന്മാരുടെയും മതപണ്ഡിതന്മാരുടെയും വിമർശന-നിരൂപണങ്ങൾ അതിന് പ്രേരണയും പ്രചോദനവും നൽകുന്നതാകട്ടെ.